# യഹോവയിങ്കൽ പ്രത്യാശവെക്കുക

## സങ്കീർത്തനം 27:14

**“യഹോവയിങ്കൽ പ്രത്യാശവെക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറെച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശവെക്കുക.”**

**സങ്കീർത്തനം 27:** ജീവിതത്തിൽ താൻ സേവിച്ചു നിൽക്കുന്ന യഹോവയെ വ്യക്തിപരമായി തിരിച്ചറിഞ്ഞ ദാവീദ് ആ യഹോവ ആരാണെന്ന് ഉയർത്തിക്കാട്ടുന്ന ഒരു സങ്കീർത്തനമാണ്. അപ്രകാരം യഹോവയോടുള്ള തന്റെ വ്യക്തിപരമായ ബന്ധത്തെ കാണിക്കുന്ന ചില പരാമർശങ്ങൾ ഈ സങ്കീർത്തനത്തിലുടനീളം നമുക്ക് കാണുവാൻ കഴിയും. വ്യക്തിപരമായി യഹോവ ദവീദിന് ആരായിരുന്നു എന്നു ശ്രദ്ധിക്കുക. 14 വാക്യങ്ങളുള്ള ഈ സങ്കീർത്തനത്തിൽ, ആ ബന്ധത്തിന്റെ വലിപ്പമൊട്ടും കുറഞ്ഞു പോകാതെ തന്നെ എഴുതിവെച്ചിരിക്കുകയാണ്. ദാവീദ് പറയുന്നു, യഹോവ എന്റെ വെളിച്ചം, എന്റെ രക്ഷ, എന്റെ ജീവന്റെ ബലം, എനിക്കു തുണ. ഈ യഹോവ തന്റെ ജീവിതത്തിൽ കൂടെയുള്ളതുകൊണ്ട് ഞാൻ ഇനി ആരെ ഭയപ്പെടണം; ഞാൻ ആരെ പേടിക്കണം. ഒരു സൈന്യം എന്റെ നേരെ പാളയമിറങ്ങിയാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല, എനിക്കു യുദ്ധം നേരിട്ടാലും ഞാൻ നിർഭയമായിരിക്കും കാരണം എന്റെ ദൈവം എന്നെ തന്റെ കൂടാരത്തിൽ ഒളിപ്പിക്കും, തിരുനിവാസത്തിന്റെ മറവിൽ എന്നെ മറയ്ക്കും, പാറമേൽ എന്നെ ഉയർത്തും.

പ്രിയരേ, എത്ര ഉറപ്പോടു കൂടിയാണ് ദാവീദ് തന്റെ അനുഭവം എഴുതിവെച്ചിരിക്കുന്നത്. താൻ കടന്നു പോയിരുന്ന പ്രതിസന്ധികളുടെ വലിപ്പം വെച്ചു നോക്കുമ്പോൾ ഈ ദൈവം തന്റെ കൂട്ടാളിയായുള്ളത് തനിക്ക് അതിൽ നിന്നെല്ലാം വിടുതലാണെന്ന് അവൻ ഉറക്കെ പ്ര്യാപിക്കുന്നു. ഒന്നാലോചിച്ചാൽ ദാവീദ് സേവിച്ചതായ അതേ ദൈവത്തെ തന്നെയല്ലേ നാം ഓരോരുത്തരും ഇന്നു നമ്മുടെ ജീവിതയാത്രയിൽ സേവിക്കുന്നതും, നമ്മുടെ തുണയാക്കി വെച്ചിരിക്കുന്നതും. ദാവീദിന്റെ ജീവിതത്തിൽ ദൈവത്തിന് ഇങ്ങനൊയൊക്കെ ആകുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ, നമ്മുടെയും ജീവിതത്തിൽ അവൻ ഒരു മാറ്റവും ഇല്ലതെ അപ്രകാരം തന്നെയാണ് എന്നുള്ള കാര്യം നാം മറന്നു പോകരുത്. പക്ഷെ നമ്മിൽ വെളിപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ മാഹാത്മ്യം നാം മനസ്സിലാക്കാതെ പോകുന്നത് നമ്മുടെ കുറവുകൾ ഒന്നു കൊണ്ട് മാത്രമാണ്. ദൈവത്തിന്റെ മാഹാത്മ്യം നന്നായി തിരിച്ചറിഞ്ഞവർക്കു മാത്രമേ വ്യക്തിപരമായി തങ്ങളുടെ ജീവിതത്തിൽ വെളിപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ പ്രവൃത്തികളെ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ.

പ്രിയ ദൈവപൈതലേ, ആശങ്കകളും, ആകുലതകളും നിറഞ്ഞ ഒരു ചുറ്റുപാടിലൂടെയാണ് നാം ഏവരും ഇന്നു കടന്നു പോകുന്നത്. ഈ പ്രതിസന്ധികളുടെ നടുവിലും നിർഭയമായിരിക്കുവാൻ താൻ സേവിച്ചു വരുന്ന ഈ യഹോവയിൽ പ്രത്യാശവെക്കുന്ന ഒരു ദൈവഭക്തനു മാത്രമേ കഴിയുകയുള്ളൂ. എന്നാൽ ഇന്ന് ക്രിസ്തുവിശ്വാസികളായ ചിലരെങ്കിലും ധൈര്യം നഷ്ടപ്പെട്ടവരായിട്ട് ജീവിതത്തിൽ മാറ്റപ്പെട്ടിട്ടുണ്ടാവാം. അവരോടായി ദാവീദിനു പറയുവാനുള്ളത്, യഹോവയിങ്കൽ പ്രത്യാശവെക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറെച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശവെക്കുക. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:
സങ്കീർത്തനം 37:7
യഹോവയുടെ മുമ്പാകെ മിണ്ടാതെയിരുന്നു അവന്നായി പ്രത്യാശിക്ക.

ബ്രദർ. ബിനു ബേബി ആലപ്പുഴ 171